# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1343 08.02.2013ലെ മറുപടിക്ക്

## അരിയുടെ വില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ് | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |
| (എ) ഈ സർക്കാർ അധികാരമേറ്റപ്പോൾ സംസ്ഥാനത്ത് അരിയുടെ മാർക്കറ്റ് വില എത്രയായിരുന്നു;<br>(ബി) ഇപ്പോൾ അരിയുടെ വില എത്രയാണ്;<br>(സി)ഈ സർക്കാർ അധികാരമേറ്റ ശേഷം അരിവിലയിൽ എത്ര ശതമാനം വർദ്ധനയാണുണ്ടായത്; | (എ)യും(ബി)യും(സി)യും പൊതുവിപണിയിലെ (തിരുവനന്തപുരം സെന്റർ ) 5 ഇനം അരികളുടെ 24.5.2011 ലെ വിലയും 31.1.2013 ലെ വിലയും അരി വിലയിലെ വർദ്ധനവിന്റെ ശതമാനവും (എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്നും ലഭ്യമായത്) അനുബന്ധമായി ചേർക്കുന്നു. |
| (ഡി) അരി വില നിയന്ത്രിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബി.പി.എൽ./എ.എ.വൈ. കാർഡുടമകൾക്ക് പ്രതിമാസം യഥാക്രമം 25 കി.ഗ്രാം,35 കി. ഗ്രാം എന്ന കണക്കിൽ അരി ഒരു രൂപ നിരക്കിൽ വിതരണം ചെയ്തുവരുന്നു. കൂടാതെ പ്രത്യേക വിഹിതമായി ബി.പി.എൽ വിഭാഗത്തിന് 132725 മെ.ടൺ അരിയും 54211 മെ.ടൺ ഗോതമ്പും കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ആയത് നിലവിലുള്ള ബി.പി.എൽ കാർഡുകാർക്ക് 25 കി.ഗ്രാം അരി |

ഒരു രൂപ നിരക്കിലും 10 കി.ഗ്രാം ഗോതമ്പ് 2 രൂപ നിരക്കിലും വിതരണം ചെയ്യുന്നതിന് പുറമേ 5 കി.ഗ്രാം അരി 6.20 രൂപയ്ക്കും 2 കി.ഗ്രാം ഗോതമ്പ് 4.70 രൂപയ്ക്കും വിതരണം ചെയ്യുന്നു. 2009 ലെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ ബി.പി.എൽ കാർഡ് ലഭിക്കാത്തതും ആയ 11.80 ലക്ഷം കുടുംബങ്ങൾക്ക് നിലവിൽ 2 രൂപ നിരക്കിൽ ലഭിക്കുന്ന 9 കി.ഗ്രാം അരി, 2 കി. ഗ്രാം ഗോതമ്പ് എന്നിവയ്ക്ക് പുറമേ 19 കി.ഗ്രാം അരി 6.20 രൂപ നിരക്കിലും 6 കി.ഗ്രാം ഗോതമ്പ് 4.70 രൂപ നിരക്കിലും അടുത്ത 4 മാസങ്ങളിൽ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

അരിയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും അരി പൊതു ജനങ്ങൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് വേണ്ടിയും 'അരിക്കട' എന്ന പദ്ധതി സപ്ലൈകോ വിജയകരമായി നടപ്പാക്കി വരുന്നു. ഇത് പ്രകാരം മട്ട അരി,പച്ചരി എന്നിവ 16 രൂപ ക്രമത്തിലും കുറുവ അരി 19 രൂപ നിരക്കിലും ജയ അരി 21 രൂപ പ്രകാരവും കാർഡ് ഒന്നിന് 20 കി.ഗ്രാം വീതം പ്രതിമാസം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ OMSS പ്രകാരം പുഴുക്കലരി 19.50 രൂപ പ്രകാരവും പച്ചരി 21.00 രൂപ പ്രകാരവും 25 കി.ഗ്രാം വീതം സപ്ലൈകോ വില്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു.

Beena

സെക്ഷൻ ഓഫീസർ

അനുബന്ധം

TVM

| | | 24-05-2011 | 31-01-2013 | Percentage increase |
|---|---|---|---|---|
| Rice(red)open market Matta | Kg. | 30.00 | 36.00 | 20% |
| Rice(red)open market Chamba | Kg. | 29.00 | 33.00 | 13.80% |
| Rice(red)open market Rose | Kg. | 28.00 | 41.00 | 46.40% |
| Rice(white)open mrkt Andhra Vella | Kg. | 30.00 | 31.00 | 3.30% |
| Rice-Raw | Kg | 24.00 | 30.00 | 25% |

Beena
സെക്ഷൻ ഓഫീസർ